## ഏഴാമദ്ധ്യായം

# ഇടവേളകൾ

### 1. മറ്റുപ്രവർത്തനങ്ങൾ

കേരള മദ്യനിരോധനസമിതി ഒരു സമരസംഘടനയാണ്. മദ്യത്തിനെതിരായുള്ള അഹിംസാത്മക സമരമാണ് അതിന്റെ പ്രത്യേക പരിപാടി. പക്ഷേ സമരം സമരത്തിനുവേണ്ടി ഉള്ളതല്ലല്ലോ. ലക്ഷ്യപ്രാപ്തിക്കു വേണ്ടി ഇക്കാലത്ത് മറ്റു പല പ്രവർത്തനങ്ങളും സമിതി ചെയ്തുപോന്നു. എന്നും എങ്ങും സമരം ആയിരുന്നില്ല പരിപാടി.

### 2. നിയമസഭാ സമിതിയുടെ ശുപാർശ

1986 ജൂലൈ 1-ന് കേരള മദ്യനിരോധനസമിതി നിയമസഭാദ്ധ്യക്ഷനു നിവേദനം സമർപ്പിച്ച കാര്യം നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഹർജികൾക്കായുള്ള നിയമസഭാ സമിതി ഇതു പരിശോധിക്കുകയും 31-12-1986ൽ റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. പി. സി. ജോർജ് (കേരളാകോൺഗ്രസ്സ്) അദ്ധ്യക്ഷനായിട്ടുള്ളതും ഭരണപക്ഷത്തും പ്രതിപക്ഷത്തും ഉള്ള എല്ലാ കക്ഷികളുടേയുടെ പ്രതിനിധികൾ അടങ്ങിയതുമായ ഈ സമിതി കേരള മദ്യനിരോധന സമിതിയുടെ ആവശ്യം അംഗീകരിച്ചു. "മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ ജനങ്ങൾക്കു ബോദ്ധ്യപ്പെടുത്തി ജനപങ്കാളിത്തത്തോടുകൂടിയും അതേ സമയം നിയമത്തിന്റെ പിൻബലത്തോടുകൂടിയും മദ്യനിരോധനം ഘട്ടം ഘട്ടമായി നടപ്പാക്കണ"മെന്നു

സമിതി ശുപാർശ ചെയ്തു. ഇതുകൊണ്ട് ഒരു മെച്ചവും ഉണ്ടായില്ല. നിയമസഭാംഗങ്ങൾക്ക് എല്ലാം വ്യക്തിപരമായി നൽകിയ കത്തിനു കാര്യമായ പ്രതികരണവും കണ്ടില്ല.

## 3. ഉന്നതാധികാരസമിതി

മദ്യനിരോധനം ഏർപ്പെടുത്താൻ സർക്കാരിന് ആകാംക്ഷയുണ്ടെന്നു പ്രഖ്യാപിച്ചുകൊണ്ട് നിരോധനം ഏർപ്പെടുത്തുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ പഠിച്ചു പരിഹാരം നിർദ്ദേശിക്കുവാൻ ഒരു ഉന്നതാധികാരസമിതിയെ നിയമിക്കുന്നതാണെന്നു മുഖ്യമന്ത്രി നൽകിയ വാഗ്ദാനത്തോടെയാണല്ലോ പാളയം സത്യാഗ്രഹം 19-12-1986 ൽ അവസാനിച്ചത്. ഉന്നതാധികാരസമിതിയെ നിയമിക്കാൻ സർക്കാർ സാവകാശം എടുത്തു. ഇതിന്റെ അദ്ധ്യക്ഷൻ എ. പി. ഉദയഭാനുവും സെക്രട്ടറി റവന്യൂബോർഡിലെ എക്സൈസ് വിഭാഗം സെക്രട്ടറി പി. വി. രാധാലക്ഷ്മിയുമായിരിക്കുമെന്നു പ്രഖ്യാപിച്ചുകൊണ്ടും 7 പരാമർശവിഷയങ്ങൾ ക്രോഡീകരിച്ചുകൊണ്ടും 31-1-1987 ൽ സർക്കാർ ഉത്തരവു വന്നു. 16-2-1987 ൽ സമിതിയിലെ മറ്റംഗങ്ങളെ നിശ്ചയിച്ചുള്ള കൽപനയും ഇറക്കി. നികുതിവകുപ്പു സെക്രട്ടറി, ധനകാര്യസെക്രട്ടറി, ആരോഗ്യവകുപ്പു സെക്രട്ടറി എന്നീ ഔദ്യോഗികാംഗങ്ങളേയും വി. ആർ കൃഷ്ണൻ എഴുത്തച്ഛൻ, ജി.കുമാരപിള്ള, ഡോ. എം. ലീലാവതി, യു. മഹാബലറാവു ഐ. എ.എസ് (റിട്ടയേഡ്) എന്നീ അനൗദ്യോഗികാംഗങ്ങളേയും ആണു ചേർത്തത്. മാർച്ചുമാസത്തിൽ പുതിയ തെരഞ്ഞെടുപ്പിലൂടെ ഐക്യജനാധിപത്യമുന്നണി യുടെ സ്ഥാനത്ത് ഇടതുജനാധിപത്യമുന്നണി മന്ത്രി സഭ അധികാരത്തിൽ വന്നു.

ഇടതു മുന്നണി നയം മദ്യനിരോധനത്തെ എതിർക്കുക എന്നതാകയാൽ ഉന്നതാധികാരസമിതി പ്രവർത്തിക്കുക ഉണ്ടാവുകയില്ല എന്ന് ആളുകൾ വിചാരിച്ചു. പക്ഷേ കൂടുതൽ കൗശലപൂർവ്വമായ ഒരു നിലപാടാണ് അവർ എടുത്തത്. മദ്യവ്യവസായവുമായി ബന്ധപ്പെട്ട അഞ്ചു പേരേക്കൂടി സമിതിയിൽ ഉൾപ്പെടുത്തി. മുതലാളി പ്രതിനിധിയായി ആർ.ഭരതൻ, തൊഴിലാളി പ്രതിനിധികളായി കെ. പി. പ്രഭാകരൻ (എ. ഐ. ടി. യു. സി) കെ. ആർ. ഗംഗാധരൻ, കെ. എം. സുധാകരൻ (സി. ഐ.ടി.യു), ടി. കെ. സദാനന്ദൻ (ഐ.എൻ.ടി.യു.സി) എന്നിവരായിരു

ന്നു പുതിയ അംഗങ്ങൾ.

ചർച്ചകൾക്കും തെളിവെടുപ്പിനും രണ്ടാംവട്ടം ചർച്ചകൾക്കും ശേഷം ഉന്നതാധികാരസമിതി 1988 ആഗസ്റ്റ് 29 -ാം തീയതി അതിന്റെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചു. അതു നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുകയല്ലാതെ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. സർക്കാർ അത് അംഗീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. ഭൂരിപക്ഷറിപ്പോർട്ടും വിയോജനക്കുറിപ്പും എന്നിങ്ങനെ രണ്ടു ഭാഗങ്ങളാണ് അതിനുള്ളത്. വി.ആർ.കൃഷ്ണൻ എഴുത്തച്ഛൻ, ജി. കുമാരപിള്ള എന്നിവർ ഒപ്പിട്ട വിയോജനക്കുറിപ്പ് സമ്പൂർണ്ണ മദ്യനിരോധനം എന്ന ആശയത്തെ സ്വാഗതം ചെയ്യുന്നതും നിരോധനം ഏർപ്പെടുത്തുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിൽ ഊന്നിനിൽക്കുന്നതും ആയ ഒന്നാണ്. അദ്ധ്യക്ഷൻ എ. പി. ഉദയഭാനു ഉൾപ്പെടെയുള്ള ഭൂരിപക്ഷം ഒപ്പിട്ട പ്രധാന റിപ്പോർട്ട് പരാമർശവിഷയങ്ങളുടെ അടിസ്ഥാനത്തെ തന്നെ ചോദ്യം ചെയ്യുന്നതും മദ്യനിരോധനം എന്ന വാക്കുപോലും ഒഴിവാക്കിക്കൊണ്ടുള്ളതും ആണ്. മദ്യവിരുദ്ധപ്രസ്ഥാനത്തിന് ഇതൊരു തിരിച്ചടിയായി. പ്രത്യേകിച്ചും പ്രസ്ഥാനത്തിന്റെ ബന്ധുവാണെന്നു കരുതപ്പെട്ടിരുന്ന എ.പി.ഉദയഭാനു അതിനെ ഒറ്റുകൊടുത്തതു തികച്ചും അപ്രതീക്ഷിതം ആയിരുന്നു.

## 4. കോടതി ഇടപെടുന്നു.

പാളയം സത്യാഗ്രഹത്തിന്റെ കാലത്തു സന്നദ്ധഭടന്മാരുടെ ഒരു ഹർജ്ജിയിന്മേൽ സുപ്രധാനമായ ഒരു കോടതി വിധി ഉണ്ടായ കാര്യം നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. ഊരമനയിലും കോടതി ഇടപെട്ടതു പറഞ്ഞിട്ടുണ്ട്. ഹൈക്കോടതിയുടെ മറ്റു ചില ഇടപെടലുകളും ശ്രദ്ധേയമാണ്. ഇതിലൊന്ന് 1985 ആഗസ്റ്റ് 10-ാം തിയ്യതി ഷാപ്പുകളുടെ ദൂരപരിധി സംബന്ധിച്ചു പുറപ്പെടുവിച്ച വിധിയായിരുന്നു. ദേവാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും 400 വാരയ്ക്കുള്ളിൽ മദ്യശാലകൾ പാടില്ലെന്ന അബ്കാരിനിയമത്തിൽ വെള്ളം ചേർത്തുകൊണ്ട് എക്സൈസ് മന്ത്രി എൻ.ശ്രീനിവാസന്റെ വകുപ്പ് നടപ്പാക്കിയ ഭേദഗതി ഇതുമൂലം കോടതി റദ്ദാക്കുകയാണുണ്ടായത്. മറ്റൊരു വിധിയിൽ ദൂരപിരിധി

ഹോസ്റ്റലുകൾക്കും ബാധകമാണെന്ന് 1988 ജൂലൈയിൽ ചീഫ് ജസ്റ്റിസ് വി. എസ്. മളീമഠ്, ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് വിധിച്ചു. രണ്ടു വിധികളേയും കേരള മദ്യനിരോധനസമിതി സ്വാഗതം ചെയ്തു.

## 5. കേരളത്തിനു വെളിയിൽ

ഇതിനിടയിൽ കമ്മ്യൂണിസ്റ്റുകാരുടെ മെക്കയായ റഷ്യയിൽ അധികാരത്തിൽ വന്ന മിഖായൽ ഗോർബച്ചേവ് അവിടെ 1985 ജൂൺ 1 മുതൽ കർശനമായ മദ്യനിയന്ത്രണം കൊണ്ടു വന്നു. പക്ഷേ, നമ്മുടെ സഖാക്കൾ ഇതു കണ്ടില്ലെന്നു നടിച്ചു. മണിപ്പൂരിൽ മദ്യപാനികൾക്കെതിരെ പോലീസ് എടുക്കുന്ന കർശനനടപടികളെ ക്കുറിച്ച് 1987 ജൂലൈയിൽ റിപ്പോർട്ടുകൾ വന്നു. 1990 മാർച്ച് 30–നു സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമം മറ്റൊരു വടക്കുകിഴക്കൻ സംസ്ഥാനമായ നാഗാലാൻഡിലെ നിയമസഭ അംഗീകരിച്ചു. സംസ്ഥാനത്തെ അമ്മമാരുടെ സംഘടനയാണ് ഇതിനു പ്രക്ഷോഭണം നടത്തിയത്. 1987 ജനുവരി മുതൽ മദ്യനിരോധനത്തിന്റെ ആദ്യഘട്ടമായി തമിഴ് നാട്ടിൽ കള്ളുഷാപ്പുകളും ചാരായഷാപ്പുകളും അടച്ചിരുന്നു. പക്ഷേ അവിടെ എന്നും ഇതു രാഷ്ട്രീയക്കളിയുടെ ഭാഗമായിരുന്നു. മദ്ധ്യപ്രദേശിലെ ഭീലായിയിൽ തന്റെ നേതൃത്വത്തിൽ പെട്ട പതിനായിരക്കണക്കിനു തൊഴിലാളികളെ മദ്യത്തിന്റെ പിടിയിൽ നിന്നും രക്ഷിച്ച ശങ്കർ ഗുഹാ നിയോഗിയെപ്പറ്റി കേട്ടുതുടങ്ങിയത് 1985 ഒടുവിലാണ്. ഈ അപൂർവ്വഗുണനിഷ്ഠനായ തൊഴിലാളി നേതാവ് 1991 സെപ്തംബർ 28–നു വെടിയേറ്റു മരിച്ചു. കെടു മുതലാളിത്തത്തിന്റെയും മറ്റു സ്ഥാപിത താല്പര്യങ്ങളുടേയും വാടകക്കൊലയാളികളാണ് ഈ അരുംകൊലയ്ക്കു പിന്നിൽ എന്നു കരുതപ്പെടുന്നു.

## 6. കരിനിയമം

കേരളത്തിലെ മദ്യവ്യാപനത്തിനുള്ള പ്രധാന കാരണം അനധികൃതഷാപ്പുകളുടെ ബാഹുല്യമാണെന്നും അധികൃതഷാപ്പുകളേക്കാൾ മൂന്നിരട്ടിയെങ്കിലും അനധികൃതഷാപ്പുകൾ സംസ്ഥാനത്ത് ഉണ്ടെന്നും ഇക്കാലത്തു നിയമസഭയ്ക്ക് അകത്തും പുറത്തും സംസാരമുണ്ടായി.

അനധികൃതികഷാപ്പുകളിൽ നല്ലൊരു വിഭാഗം ദൂരപരിധി ലംഘിച്ചു വിദ്യാലത്തിന്റേയോ ദേവാലയത്തിന്റേയോ സമീപം നടത്തിയിരുന്നവയാണ്. ഇവയിലധികവും ഭരണകൂടത്തിന്റെ അനുവാദത്തോടുകൂടിയോ ഗൂഢമായ ഒത്താശയോടുകൂടിയോ ആണു നടത്തിയിരുന്നത്. എന്നാൽ ദൂരപരിധി നിയമം ദോഷമാണെന്നു പരസ്യമായി പറയാൻ ആരും ധൈര്യപ്പെട്ടിരുന്നില്ല. ആ ധൈര്യം 1987-ൽ നായനാരുടെ ഇടതുപക്ഷസർക്കാരിലെ എക്സൈസ് മന്ത്രി കെ. ആർ. ഗൗരിക്ക് ഉണ്ടായി. കേരളത്തിൽ വിദ്യാലയങ്ങളും ദേവാലയങ്ങളും എണ്ണത്തിൽ വളരെ വർദ്ധിച്ചിരിക്കുകയാൽ വേണ്ടിടത്തോളം ഷാപ്പുകൾ വയ്ക്കാൻ സ്ഥലമില്ലെന്നും അതു കൊണ്ട് ദൂരപരിധി നിയമം എടുത്തുകളയണമെന്നും അവർ കൂസലെന്യേ തീരുമാനിച്ചു, മന്ത്രിസഭ ആ തീരുമാനം അംഗീകരിച്ചു. അങ്ങനെ ആധുനിക കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവു ജുഗുപ്സാവഹമായ സർക്കാർ ഉത്തരവ് 28-8-1987-ൽ അസാധാരണ ഗസറ്റായി പുറത്തുവന്നു. 'കറുകറുത്ത കരിനിയമം' എന്നു 'പ്രൊഹിബിഷൻ' മാസിക വിശേഷിപ്പിച്ച ഉത്തരവിൽ നിന്ന് ഒരു ഭാഗം ഇതാ:- "വിദ്യാഭ്യാസസ്ഥാപനങ്ങൾ, ക്രിസ്ത്യൻ പള്ളികൾ, മുസ്ലീംപള്ളികൾ, ക്ഷേത്രങ്ങൾ, ശ്മശാനങ്ങൾ എന്നിവയിൽ നിന്ന് ഇത്ര ദൂരെ മാത്രമേ അബ്കാരി ഷാപ്പുകൾ സ്ഥാപിക്കാവൂ എന്ന നിയന്ത്രണം ഉള്ളതിനാൽ ഷാപ്പുകൾ സ്ഥാപിക്കുന്നതിനു വലിയ പ്രായോഗിക വൈഷമ്യങ്ങൾ അനുഭവപ്പെടുന്നുണ്ട്." ഇതിനെതിരെ വൻപിച്ച പ്രതിഷേധം ഉയർന്നപ്പോൾ ഉത്തരവ് മാറ്റിയെഴുതി. പക്ഷേ, 5-10-1987-ൽ വന്ന പുതിയ വിജ്ഞാപനം രൂപത്തിലല്ലാതെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒരു മാറ്റവും വരുത്തിയില്ല.

## 7. സ്ത്രീകളുടെ ഭീമഹർജി

കരിനിയമത്തിനെതിരെ പ്രത്യേകിച്ചും, മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന പുതിയ മദ്യനയത്തിനെതിരെ പൊതുവിലും, പ്രതിഷേധിക്കുവാൻ കേരള മദ്യനിരോധനസമിതിയും മദ്യവിരുദ്ധസംഘടനകളുടെ ഏകോപനത്തിനു രൂപീകരിച്ച സംയുക്ത മദ്യവിരുദ്ധസമിതിയും ആഹ്വാനം ചെയ്തു. ഈ പ്രതിഷേധത്തിന്റെ ഭാഗമായിരുന്നു സ്ത്രീകൾ എക്സൈസ് മന്ത്രിയ്ക്ക് നവംബർ 5-ാം തിയ്യതി സമർപ്പിച്ച ഭീമഹർജ്ജി. ലക്ഷ്മി.എൻ.മേനോൻ, സുഗതകുമാരി, ജസ്റ്റിസ് പി. ജാനകിയമ്മ,

മേരിചാണ്ടി, ഡോ.എം. ലീലാവതി എന്നിവരുടെ 'അഭ്യർത്ഥന' അനുസരിച്ചു രേഖപ്പെടുത്തപ്പെട്ട 1,36,017 ഒപ്പോടുകൂടിയ ഹർജി സമർപ്പിക്കുന്നതോടനുബന്ധിച്ച് സെക്രട്ടറിയേറ്റ് നടയിൽ സ്ത്രീകളുടെ ഉപവാസവും ഉണ്ടായിരുന്നു. ഉപവാസാനന്തരം ശാന്തി യാത്രയും പുത്തരിക്കണ്ടം മൈതാനത്തു പൊതുയോഗവും നടത്തി. ലക്ഷ്മി. എൻ. മേനോൻ, ജസ്റ്റിസ് പി. ജാനകിയമ്മ, സുഗതകുമാരി എന്നിവരും വിവിധ ജില്ലകളെ പ്രതിനിധീകരിക്കുന്ന വനിതാ പ്രവർത്തകരും ചേർന്നു നൽകിയ ഹർജി മന്ത്രി കെ. ആർ. ഗൗരിയുടെ ഹൃദയത്തേയോ ബുദ്ധിയേയോ സ്പർശിച്ചില്ല.

## 8. തെരഞ്ഞെടുപ്പ്

കേരള മദ്യനിരോധനസമിതി അധികാരമത്സരത്തിനും കക്ഷി രാഷ്ട്രീയത്തിനും അതീതമായി പ്രവർത്തിക്കുന്ന ഒരു സംഘടന എന്ന നിലയിൽ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിർത്താറില്ല. സമിതിയുടെ ഭാരവാഹികൾ സ്ഥാനാർത്ഥികൾ ആവുന്നതു വിലക്കിയിട്ടുമുണ്ട്. അതേ സമയം മദ്യനിരോധനത്തിന് അനുകൂലമായ വിധത്തിൽ ബോധവൽക്കരണം നടത്തി ജനകീയ സമ്മർദ്ദം കെട്ടിപ്പടുക്കാൻ തെരഞ്ഞെടുപ്പു സന്ദർഭങ്ങളെ ഉപയോഗിച്ചിട്ടുമുണ്ട്. കാലാകാലങ്ങളിൽ അതിനുള്ള തന്ത്രം ആവിഷ്കരിച്ചു പോന്നു. ഇതനുസരിച്ച് 1982-ൽ എം.കെ.കൃഷ്ണൻ (ഇടതുമുന്നണി - ഞാറയ്ക്കൽ) വൈപ്പിൻ ദുരന്തത്തിന്റെ പേരിൽ എതിർക്കപ്പെട്ടു. ഒരു രാഷ്ട്രീയകക്ഷിയും മദ്യനിരോധനത്തിൽ ആത്മാർത്ഥമായി വിശ്വസിക്കാത്ത സാഹചര്യത്തിൽ സ്ഥാനാർത്ഥികളെ വ്യക്തിപരമായി പരിഗണിക്കുകയാണ് ചെയ്തിരുന്നത്. മദ്യപന്മാരോ മദ്യവ്യവസായവുമായി ബന്ധപ്പെട്ടവരോ മദ്യനിരോധനത്തിനു വിരുദ്ധമായ നിലപാടെടുക്കുന്നവരോ ആയ സ്ഥാനാർത്ഥികൾക്കെതിരെ ശക്തമായ പ്രചാരവേല നടത്തണമെന്ന് 1987 ആദ്യം തെരഞ്ഞെടുപ്പിന് സമയമായപ്പോൾ സമിതി തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എൻ. ശ്രീനിവാസ (ഐക്യജനാധിപത്യമുന്നണി)നെതിരായി കുറച്ചു പ്രചരണവും നടന്നു. 1991 മേയ് - ജൂൺ മാസങ്ങളിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കോട്ടയം നിയോജകമണ്ഡലത്തിൽ ടി. കെ.രാമകൃഷ്ണനെതിരായി നടന്ന പ്രചരണം അദ്ദേഹത്തെ തോൽപിച്ചില്ലെങ്കിലും തോൽവിയുടെ വക്കിലെത്തിച്ചു. നായനാർ സർക്കാരിന്റെ ജനദ്രോഹപരമായ

മദ്യനയത്തിന്റെ പ്രതീകം എന്ന നിലയിലാണ് ടി. കെ. രാമകൃഷ്ണനെ എതിർത്തത്. വിശദാംശങ്ങൾ വഴിയേ.

## 9. ദശവാർഷികം

കേരളമദ്യനിരോധന സമിതിയുടെ ദശവാർഷികം 1989 ആഗസ്റ്റ് 13–ാം തിയ്യതി ആലുവാപ്പുഴയുടെ തീരത്തുള്ള അദ്വൈതാശ്രമത്തിൽ വെച്ചു വിജയകരമായി നടന്നു. "മദ്യം വിഷമാണ്, അത് ഉണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്" എന്ന ഗുരുസന്ദേശം ആദ്യമായി മുഴങ്ങിയ സ്ഥലത്തായിരുന്നു സമ്മേളനം. കേരളത്തിന്റെ നാനാഭാഗത്തു നിന്നുമായി 500–ഓളം പ്രതിനിധികൾ ഉൾപ്പെടെ 600–ഓളം പ്രവർത്തകർ പങ്കെടുത്തു. ഉൽഘാടനസമ്മേളനം, രണ്ടു ചർച്ചാ സമ്മേളനങ്ങൾ, പ്രകടനം, പൊതുയോഗം എന്നീ പരിപാടികൾ ഉഷാറായി നടന്നു. പ്രൊഫ. എം. പി. മന്മഥൻ, പ്രൊഫ. ജി. കുമാരപിള്ള, ഫാ. തോമസ് തൈത്തോട്ടം ഐ.എം.വേലായുധൻ, പി. കെ. ബാലകൃഷ്ണപിള്ള തുടങ്ങിയ സംസ്ഥാനനേതാക്കൾ പരിപാടി നിയന്ത്രിച്ചു. പൊതുയോഗം ഉൽഘാടനം ചെയ്തതു ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ആയിരുന്നു.

ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തുകയും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുകയും ആയിരുന്നു സമ്മേളനത്തിന്റെ ഉദ്ദേശം. സമ്മേളനം അംഗീകരിച്ച ആലുവാ പ്രഖ്യാപനം 1981–ലെ തിരുവനന്തപുരം സമ്മേളനം അംഗീകരിച്ച വിശ്വാസപ്രഖ്യാപനത്തിന്റെ തുടർച്ചയായിരുന്നു. 1989 നവംബർ 1 മുതൽ 5 വർഷത്തിനുള്ളിൽ മദ്യനിരോധനം നേടിയെടുക്കണം എന്നും അതിനു സത്യാഗ്രഹത്തിന്റെ മാർഗ്ഗം ഉപയോഗിക്കണം എന്നുമായിരുന്നു പ്രഖ്യാപനത്തിന്റെ സാരം. മദ്യനിരോധനം നേരിടുന്ന രൂക്ഷമായ എതിർപ്പിന്റെ വെളിച്ചത്തിൽ ദീർഘവും ക്ലേശകരവും ആയ ഒരു സത്യാഗ്രഹത്തെക്കുറിച്ചു ഗൗരവപൂർവ്വം ചിന്തിച്ചു കൊണ്ടാണു പ്രതിനിധികൾ ആ സന്ധ്യാസമയത്തു സ്ഥലം വിട്ടത്.

## 10. അഖിലഭാരതവേദിയിൽ

പാളയം സത്യാഗ്രഹം ആരംഭിക്കുന്നതിനെക്കുറിച്ചും

പ്രതീക്ഷിക്കുന്ന സഹകരണത്തെക്കുറിച്ചും 2-6-1986 ൽ പ്രൊഫ. എം.പി.മന്മഥൻ അഖിലേന്ത്യാ സെക്രട്ടറിക്ക് എഴുതുകയുണ്ടായി. ജൂലൈ ലക്കം 'നശാബന്ദി സന്ദേശ്' മാസികയിൽ കേരളത്തിലെ ഊർജ്ജസ്വല മായ പ്രവർത്തനത്തെക്കുറിച്ച് മുഖപ്രസംഗം വരുകയും ചെയ്തു. അഖി ലേന്ത്യാ ജനറൽ സെക്രട്ടറി രൂപ് നാരായണൻ, ഖജാൻജി കൃഷ്ണമൂർത്തി ഗുപ്ത എന്നിവർ 1987 ജൂൺ 29 മുതൽ ജൂലൈ 3 വരെ കേരളത്തിൽ പര്യ ടനം നടത്തി. അവർ തിരുവനന്തപുരം, എറണാകുളം, ഊരമന, ചമ്പ ക്കുളം (ആലപ്പുഴ) എന്നിവിടങ്ങളിൽ പ്രവർത്തകരെ അഭിസംബോധന ചെയ്യുകയും എറണാകുളത്തു പത്രസമ്മേളനം നടത്തുകയും ചെയ്തു. 1989 മാർച്ച്, 10, 11, 12 എന്നീ തീയതികളിൽ അഖിലേന്ത്യാ മദ്യനിരോധന സമ്മേളനം കോട്ടയത്തു കേളപ്പജി നഗറിൽ (മാമ്മൻമാപ്പിള ഹാൾ) വെച്ചു വിപുലമായി നടത്തുകയും ഉണ്ടായി.

## 11. നിവേദനം, ലേലം - പ്രതിഷേധം

ഓരോ പ്രശ്നം വരുമ്പോഴും നിവേദനം നൽകുക, എല്ലാ വർഷ വും അബ്കാരി ലേലം നടക്കുമ്പോൾ ലേലസ്ഥലങ്ങളിലെല്ലാം പ്രതിഷേ ധം പ്രകടിപ്പിക്കുക - ഇതു രണ്ടും സമിതിയുടെ സ്ഥിരം പരിപാടി ആണ്. പലപ്പോഴും ലേലസ്ഥലത്തെ പ്രതിഷേധം പ്രക്ഷുബ്ധമായ അന്തരീക്ഷ ത്തിലാണ് നടന്നത്. പ്രവർത്തനക്യാമ്പുകൾ, ജില്ലാ ജാഥകൾ എന്നിവ യും മുറയ്ക്കു നടന്നുകൊണ്ടിരുന്നു.

## 12. കെ. പി. കെ. പിഷാരടി (1913 - 85)

ഹാജി കെ. സി. എം. മേത്തരുടെ വേർപാടിനുശേഷം കേരള മദ്യനിരോധനസമിതിക്കു നഷ്ടപ്പെട്ട ഒരു സമുന്നത നേതാവായിരുന്നു കെ. പി. കരുണാകരപ്പിഷാരടി. 23-4-1985 -ൽ ആണ് അദ്ദേഹം അന്തരി ച്ചത്. 'മലയാള മനോരമ'യുടെ പത്രാധിപസമിതി അംഗം എന്ന നില യിൽ കോട്ടയത്തു താമസമാക്കിയ ഈ പട്ടാമ്പിക്കാരൻ പത്രപ്രവർത്ത കൻ എന്ന നിലയിലും സർവ്വോദയപ്രവർത്തകൻ എന്ന നിലയിലും കേര ളത്തിലെങ്ങും പരിചിതനായിരുന്നു. 'ഗുരുവായൂരപ്പാ!' എന്ന് ഇടയ്ക്കിട യ്ക്ക് ഭക്തിപൂർവ്വം വിളിച്ചുകൊണ്ട് പ്രൊഫ. എം. പി. മന്മഥന്റെ നിഴൽ പോലെ ആദ്യകാലസംസ്ഥാനജാഥകളിലും മറ്റും നീങ്ങിയിരുന്ന ശുഭ്രവ

സ്ത്രധാരിയും പ്രസന്നവദനനും ആയ പിഷാരടിസാറിനെ മറക്കുക പ്രയാസമാണ്. 'പ്രോഹിബിഷൻ' മാസികയുടെ തുടക്കത്തിന് ആദ്യന്തം നേതൃത്വം നൽകിയത് അദ്ദേഹമായിരുന്നു.

## 13. കെ. കൊച്ചുകുട്ടൻ (1911–1987)

1987 ഫെബ്രുവരി 22-ാം തിയ്യതി അന്തരിച്ച കെ. കൊച്ചുകുട്ടൻ തൃശ്ശൂരിലെ മദ്യനിരോധന പ്രവർത്തകർക്ക് ഒരു പ്രചോദനകേന്ദ്രമായിരുന്നു. ഹരിജനങ്ങൾക്കിടയിൽ നിന്നും ഉയർന്നുവന്ന നിഷ്കളങ്കനായ ഈ കോൺഗ്രസ്സ് നേതാവ് നിയമസഭാംഗം (6 തലണ) ഡപ്യൂട്ടി സ്പീക്കർ, മന്ത്രി (4 വർഷം) എന്നീ നിലകളിൽ കൊച്ചിയിലും തിരു-കൊച്ചിയിലും കേരളത്തിലും സേവനം അനുഷ്ഠിച്ചു. അദ്ദേഹം ഒടുവിൽ നിർമ്മാണപ്രവർത്തനത്തിലാണ് ശ്രദ്ധ പതിപ്പിച്ചിരുന്നത്.

## 14. ഫാ. കുര്യാക്കോസ് പാറയ്ക്കൽ (1916–1988)

ഫാ. കുര്യാക്കോസ് പാറയ്ക്കൽ 5-12-1988-ൽ മരിക്കുമ്പോൾ കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനത്തിന്ന് അവിസ്മരണീയനായ ഒരു വ്യക്തിയെയാണ് നഷ്ടപ്പെട്ടത്. തുടക്കം മുതൽ കേരളമദ്യനിരോധനസമിതിയുടെ വൈസ് പ്രസിഡന്റ് ആയിരുന്നു അദ്ദേഹം. 1951 മുതൽ മദ്യവർജ്ജന പ്രസ്ഥാനം, സംയുക്ത ക്രൈസ്തവ മദ്യവർജ്ജനസമിതി, ബിഷപ്സ് കോൺഫറൻസ് തുടങ്ങിയ സംഘടനകളുമായി ബന്ധപ്പെട്ട് അദ്ദേഹം നൽകിയ വിശിഷ്ടസേവനത്തെ നേരത്തെ വിവരിച്ചിട്ടുണ്ട്. കോട്ടയത്തുള്ള പുതുപ്പള്ളി പള്ളിയിൽ ദീർഘകാലം ദൈവശുശ്രൂഷയ്ക്കു നേതൃത്വം കൊടുത്ത ഈ മീനടത്തുകാരൻ വൈദികൻ, വാഗ്മി, കഥാപ്രസംഗകൻ സാമൂഹ്യപരിഷ്കർത്താവ് എന്നിങ്ങനെ വിവിധ നിലകളിൽ പരക്കെ അറിയപ്പെട്ടിരുന്നു.

## 15. എ. വി. കോശി (1926 – 1990)

3-10-1990 ൽ അന്തരിച്ച എ. വി. കോശിയുടെ പ്രവർത്തനശൈലി യുവ മദ്യനിരോധനപ്രവർത്തകർക്ക് എന്നും ഹരമായിരുന്നു. മാതൃകാദ്ധ്യാപകൻ, വാഗ്മി, ഗാനരചയിതാവ്, ഗായകൻ ഇതെല്ലാമായിരുന്ന കോശി

തന്റെ കഴിവുകളുടെ നല്ലഭാഗം സാമൂഹ്യപ്രവർത്തനത്തിന്, പ്രത്യേകിച്ചും മദ്യനിരോധനപ്രവർത്തനത്തിനു വിനിയോഗിച്ചു. 'മദ്യപാനവും ആരോഗ്യ പ്രശ്നങ്ങളും'എന്ന ലഘുഗ്രന്ഥത്തിന്റെ കർത്താവുകൂടിയായിരുന്നു അദ്ദേഹം. കോതമംഗലത്തു സ്ഥിരതാമസമാക്കിയ ഈ ഇലന്തൂർ (പത്തനംതിട്ട)ക്കാരൻ ഏതാണ്ടു മുഴുവൻ സമയവും മദ്യനിരോധനത്തിനു നീക്കി വെച്ച് ഏറെക്കഴിയും മുമ്പ് മരണപ്പെട്ടതു പ്രസ്ഥാനത്തിനു വലിയ നഷ്ടമായി.

## 16. കെ. കെ. വിശ്വനാഥൻ (1914-1992)

1992 സെപ്തംബർ മാസത്തിൽ അന്തരിച്ച കെ. കെ. വിശ്വനാഥൻ കേരള മദ്യനിരോധനസമിതിയുടെ ആരംഭം മുതൽ സമിതിയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത ഒരു മുതിർന്ന നേതാവായിരുന്നു. കെ. പി. സി. സി. പ്രസിഡന്റ്, എസ്. എൻ. ഡി. പി. യോഗം പ്രസിഡന്റ്, ഗുജറാത്ത് ഗവർണർ എന്നിങ്ങനെ എത്രയോ സമുന്നത സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന അദ്ദേഹം സ്വസാന്നിദ്ധ്യം കൊണ്ടു തന്നെ പരിപാടികളുടെ അന്തസ്സു വർദ്ധിപ്പിച്ചു. വൈപ്പിൻ ദുരന്തകാലത്തും മട്ടാഞ്ചേരി സത്യാഗ്രഹകാലത്തും ഈ മട്ടാഞ്ചേരിക്കാരന്റെ സഹകരണം വിലപ്പെട്ടതായിരുന്നു. മദ്യത്തിനെതിരെയുള്ള ഗുരുവിന്റെ അനുശാസനം ഇത്ര ഗൗരവമായെടുത്ത മറ്റൊരു ശ്രീനാരായണഭക്തൻ ടി. കെ. മാധവനുശേഷം ഉണ്ടായിട്ടില്ല.

## 17. ആപ്പീസ് മാറ്റം

എറണാകുളത്ത് വളഞ്ഞമ്പലത്തിനടുത്ത് ചിറ്റൂർ റോഡിൽ ഗാന്ധി പീസ് ഫൗണ്ടേഷനിലേക്കു കേരളമദ്യനിരോദനസമിതിയുടെ ആപ്പീസ് കോട്ടയത്തു നിന്നു സ്ഥിരമായി മാറ്റിയത് 1980-ൽ ആണ്. 1987 ജൂൺ - ജൂലൈ കാലത്ത് എറണാകുലം നോർത്തിൽ മാസ് ഹോട്ടലിലേക്കു മാറ്റി. 20-5-1989 -ൽ അതുനോർത്തിൽ തന്നെ ബാനർജി റോഡിലുള്ള ഗാന്ധി ഭവനിലേക്കു മാറ്റി, ഇപ്പോഴും അവിടെ തുടരുന്നു.

## 18. സംഘടന : ഭാരവാഹികൾ

പുതിയ തെരഞ്ഞെടുപ്പുവഴി 19-9-1987-ൽ നിലവിൽ വന്ന പുതിയ

സംസ്ഥാനസമിതിയിൽ പ്രൊഫ. എം. പി. മന്മഥൻ പ്രസിഡന്റായും ഫാ. കുരിയാക്കോസ് പാറയ്ക്കൽ, ഫാ. തോമസ് തൈത്തോട്ടം എന്നിവർ വൈസ് പ്രസിഡന്റുമാരായും തുടർന്നു. അനാരോഗ്യം മൂലം ഒഴിവായ ടി.ഒ. ബാബയുടെ സ്ഥാനത്ത് ജി. കുമാരപിള്ളയെ വൈസ് പ്രസിഡന്റാക്കി. പ്രൊഫ. പി. കെ. ബി. നായർ ജനറൽ സെക്രട്ടറി സ്ഥാനം ഒഴിയുകയും പകരം പി. കെ. ബാലകൃഷ്ണപിള്ളയെ തെരഞ്ഞെടുക്കുകയും ചെയ്തു. ഹൈക്കോടതി ജഡ്ജിസ്ഥാനം സ്വീകരിച്ച അഡ്വ. പി. കെ. ഷംസുദ്ദീന്റെ ഒഴിവിൽ കെ. എം. എ. മേത്തർ ഖജാൻജിയായി നിയമിതനായി.

ജില്ലാ സമിതി ഭാരവാഹികളായി കാസർഗോഡ് –എ. അച്യുതൻ (പ്രസിഡന്റ്), ക്യാപ്റ്റൻ കെ. എം. കെ. നമ്പ്യാർ (സെക്രട്ടറി), കണ്ണൂർ– പ്രൊഫ. എം. മുഹമ്മദ്(പ്ര) പി. ജെ. ജോണി (സെ), വയനാട് – പി. വി. വിദ്യാധരൻ (പ്ര) അന്നേനടത്തു വിജയബാലൻ (സെ), മലപ്പുറം – അഡ്വ. സി. പി. മുഹമ്മദ് (പ്ര), ഇ. കെ. പരമേശ്വരൻ നായർ (സെ), പാലക്കാട് – കരുമാഞ്ചേരിൽ മാധവൻ (പ്ര) ടി. കെ. അപ്പുണ്ണി അച്ചൻ (സെ) കോട്ടയം – ഫാ. കുര്യാക്കോസ് പാറയ്ക്കൽ (പ്ര) ജോസഫ് സെബാസ്റ്റ്യൻ (സെ), കൊല്ലം – എൻ. എസ്. പണിക്കർ (പ്ര) കെ. അനിൽ കുമാർ (സെ), തിരുവനന്തപരും – ആർ. കെ. സുന്ദരം (പ്ര)ആർ രഘു (സെ), പത്തനംതിട്ട – ടി. എൻ. നാണു നായർ (പ്ര) പി. ആർ. രാജീവ് (സെ), കോഴിക്കോട് – ടി. എം. രവീന്ദ്രൻ (പ്ര) ഇയ്യഞ്ചേരി കുഞ്ഞിക്കൃഷ്ണൻ (സെ), എറണാകുളം വി. ജെ. ഹൈസിന്ദ് (പ്ര), പി. കെ. മോഹൻ ദാസ് (സെ), തൃശ്ശൂർ – ഐ. എം. വേലായുധൻ (പ്ര) ടി. ഒ. ജോർജ് (സെ) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

1990 ഒക്ടോബറിൽ നിലവിൽ വന്ന സംസ്ഥാന നിർവ്വാഹകസമിതിയിൽ പ്രസിഡന്റായി എം. പി. മന്മഥനും വൈസ് പ്രസിഡന്റായി പ്രൊഫ. ജി. കുമാരപിള്ള, റവ. ഫാ. തോമസ് തൈത്തോട്ടം എന്നിവരും തുടർന്നു. അന്തരിച്ച ഫാ. കുര്യാക്കോസ് പാറയ്ക്കലിന്റെ സ്ഥാനത്ത് ഐ.എം.വേലയുധൻ വൈസ് പ്രസിഡന്റായി. ജനറൽ സെക്രട്ടറിയായി പി. കെ. ബാലകൃഷ്ണപിള്ളയുടെ സ്ഥാനത്തു ജയപ്രകാശ് നാരായണൻ വന്നു. സെക്രട്ടറിയായി ടി. എൻ. നാണു നായർ, മാത്യു എം. കണ്ടത്തിൽ എന്നിവരോടൊപ്പം റവ. ഫാ. ജേക്കബ് മണ്ണാറ പ്രായിൽ കൊറെപ്പിസ്കോപ്പയേയും കൂട്ടി. ഖജാൻജിയായി കെ. എം. എ. മേത്തർ തുടർന്നു.